" ഭരണഭാഷ-മാതൃഭാഷ "

# സർക്കാർ മെഡിക്കൽ കോളേജ്

പാരിപ്പള്ളി, കൊല്ലം-691574

ടെലഫോൺ: ആഫീസ്-0474 257 2574, ഫാക്സ്: 0474-2572579

ടെലഫോൺ: പ്രിൻസിപ്പാൾ: 0474-2572572

ഇലക്ട്രോണിക്മെയിൽ: gmckollam@gmail.com

ഡി1/310/2018/ജി.എം.സി.കൊല്ലം

തീയതി : 25/02/2023

## ദർഘാസ് നോട്ടീസ്

കൊല്ലം സർക്കാർ മെഡിക്കൽ കോളേജിൽ ക്യാന്റീൻ നടത്തുന്നതിനുവേണ്ടി താഴെ പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി ഭക്ഷണ സാധനങ്ങൾ നൽകുന്നതിന് ക്വട്ടേഷനുകൾ ക്ഷണിച്ചുകൊള്ളുന്നു.

ക്വട്ടേഷൻ 13/03/2023 രാവിലെ 11.00 മണിവരെ സ്വീകരിക്കുന്നതും അന്നേ ദിവസം വൈകുന്നേരം 03.00 മണിക്ക് തുറക്കുന്നതുമായിരിക്കും. ക്വട്ടേഷൻ നേരിട്ടോ രജിസ്റ്റേർഡ് തപാലിലോ 1000 രൂപയുടെ നിരതദ്രവ്യം സഹിതം മേൽ പറഞ്ഞ തീയതി പ്രിൻസിപ്പാളിന് സമർപ്പിക്കേണ്ടതാണ്. നിരതദ്രവ്യം ഇല്ലാത്ത ക്വട്ടേഷനുകൾ യാതൊരു കാരണവശാലും സ്വീകരിക്കുന്നതല്ല. വിൽക്കപ്പെടേണ്ട സാധനങ്ങളുടെ വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.

### നിബന്ധനകൾ

1. പാചകത്തിന് വെളിച്ചെണ്ണ അല്ലെങ്കിൽ ശുദ്ധീകരിച്ച സസ്യഎണ്ണ മാത്രമേ ഉപയോഗിക്കാവൂ.
2. ക്യാന്റീനിന്റെ അടിസ്ഥാന പ്രതിമാസ വാടക 25,000/- രൂപയാണ്. ഏറ്റവും ഉയർന്ന പ്രതിമാസ വാടക ക്വട്ടേഷനിൽ രേഖപ്പെടുത്തുന്ന വ്യക്തിക്ക് / സ്ഥാപനത്തിന് കാന്റീൻ അനുവദിക്കുന്നതായിരിക്കും. വാട്ടർ ചാർജ്ജും കറണ്ട് ബിൽ തുകയും പ്രതിമാസം കൃത്യമായി പ്രിൻസിപ്പാൾ ഓഫീസിൽ അടയ്ക്കേണ്ടതാണ്.
3. ക്യാന്റീൻ നടത്തുന്നതിനുവേണ്ടി തിരഞ്ഞെടുക്കപ്പെടുന്നവർ 50,000/- രൂപ കരുതൽ നിക്ഷേപമായി ഒടുക്കേണ്ടതാണ്.
4. ക്യാന്റീൻ കോൺട്രാക്ടർ വിതരണം ചെയ്യുന്ന ഭക്ഷണ സാധനങ്ങളുടെ അളവും ഗുണനിലവാരവും നിയുക്തമായ ക്യാന്റീൻ കമ്മിറ്റി പരിശോധിക്കുന്നതായിരിക്കും. പട്ടികയിൽ ചേർത്തിരിക്കുന്ന ഭക്ഷണ സാധനങ്ങൾ നിർബന്ധമായും വിതരണം ചെയ്യേണ്ടതാണ്. പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ള ഭക്ഷണ സാധനങ്ങൾ ഓരോ ദിവസവും പ്രാതലിനും വൈകുന്നേരവും ആവർത്തനമില്ലാതെ നൽകേണ്ടതാണ്. കമ്മിറ്റിയുടെ നിർദ്ദേശ പ്രകാരം ഗുണ നിലവാരം തൃപ്തികരമാക്കാൻ കോൺട്രാക്ടർ ബാധ്യസ്ഥനായിരിക്കും.
5. പട്ടികയിൽ ഉൾപ്പെടാത്ത ഭക്ഷണസാധനങ്ങൾ വിതരണം ചെയ്യാൻ രേഖാമൂലം വില അംഗീകരിച്ച് മുൻകൂർ അനുമതി വാങ്ങേണ്ടതാണ്.
6. പുകയില ഉൽപ്പന്നങ്ങൾ, പാൻമസാല, മറ്റ് ലഹരി പദാർത്ഥങ്ങൾ എന്നിവ ക്യാന്റീനിൽ വെച്ച് വിൽപ്പന നടത്താൻ പാടുള്ളതല്ല.
7. തെരഞ്ഞെടുക്കപ്പെടുന്ന കോൺട്രാക്ടർ 200 രൂപയുടെ മുദ്രപത്രത്തിൽ മേൽ വ്യവസ്ഥകൾ സ്വീകരിച്ചതായി എഴുതി നൽകേണ്ടതാണ്.
8. ക്യാന്റീൻ എല്ലാ ദിവസവും 24 മണിക്കൂർ തുറന്ന് പ്രവർത്തിക്കേണ്ടതാണ്.

9. ക്യാന്റീനും പരിസരവും വൃത്തിയായി സൂക്ഷിക്കേണ്ടതും കാന്റീൻ പ്രവർത്തനത്തിന്റെ ഭാഗമായുണ്ടാകുന്ന പാഴ് വസ്തുക്കൾ സ്വന്തം ചെലവിൽ നീക്കം ചെയ്യേണ്ടതുമാണ്.
10. കാമ്പസിലെ ജീവനക്കാർ ആവശ്യപ്പെട്ടാൽ ചായ/ ലഘുഭക്ഷണം എന്നിവ അവർ ജോലി ചെയ്യുന്ന സ്ഥലത്ത് നൽകേണ്ടതാണ്.
11. ക്യാന്റീൻ അടുക്കളയിൽ ആഹാരം പാചകം ചെയ്യുന്നതും അത് വിളമ്പുന്നതുമായ ജീവനക്കാർ നിർബന്ധമായും ഗ്ലൗസ്, തൊപ്പി മുതലായവ ധരിക്കേണ്ടതാണ്.
12. ഫുഡ് & സേഫ്റ്റി കമ്മീഷണറുടെ മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ടായിരിക്കണം ആഹാരം പാചകം ചെയ്യുവാനും വിളമ്പുവാനും. കൂടാതെ ശുചിത്വം കൃത്യമായും പാലിക്കണം.
13. ക്വട്ടേഷൻ പ്രകാരം ക്യാന്റീൻ ഏൽപ്പിച്ച് കൊടുക്കുന്ന കാലാവധി ഒരുവർഷം ആയിരിക്കും.
14. മേൽ പറഞ്ഞ വ്യവസ്ഥകൾക്ക് വിരുദ്ധമായി പ്രവർത്തിച്ചാൽ യാതൊരു കാരണവും കാണിക്കാതെ കോൺട്രാക്റ്റ് അവസാനിപ്പിക്കാൻ പ്രിൻസിപ്പാളിന് അധികാരമുണ്ടായിരിക്കും.
15. ക്യാന്റീനിനായി വിട്ടുകൊടുത്ത കെട്ടിടവും ഫർണീച്ചർ ഉൾപ്പെടെയുള്ള മറ്റ് ഉപകരണങ്ങളുടേയും ചാർജ്ജ് കോൺട്രാക്ടർ രേഖാമൂലം ഏറ്റെടുക്കേണ്ടതും അവ കേടുകൂടാതെ സൂക്ഷിക്കേണ്ടതും കാലാവധി കഴിഞ്ഞാൽ തിരിച്ച് ഏൽപ്പിക്കേണ്ടതുമാണ്.
16. ക്യാന്റീൻ എപ്പോഴും വൃത്തിയായി സൂക്ഷിക്കേണ്ടതാണ്.
17. കാന്റീൻ കോൺട്രാക്ട് അനുവദിച്ച് കിട്ടിയതിന് ശേഷം ഒരു മാസത്തിനകം തദ്ദേശ സ്വയം ഭരണ സ്ഥാപനം അനുവദിക്കുന്ന ലൈസൻസും ഭക്ഷ്യ സുരക്ഷാ കമ്മീഷൻ അനുവദിക്കുന്ന ലൈസൻസും കാന്റീൻ കോൺട്രാക്ടർ സ്വന്തം ഉത്തരവാദിത്വത്തിൽ ലഭ്യമാക്കി പരിശോധനയ്ക്കായി പ്രിൻസിപ്പാൾ മുമ്പാകെ ഹാജരാക്കേണ്ടതാണ്. ലൈസൻസ് ഹാജരാക്കാത്ത പക്ഷം കോൺട്രാക്ട് അവസാനിപ്പിക്കുന്നതാണ്. കാലാവധിക്ക് മുമ്പ് തന്നെ അവസാനിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നതായിരിക്കും.

കോൺട്രാക്ട് ഉറപ്പിക്കുന്നത് സംബന്ധിച്ച് കാന്റീൻ കമ്മിറ്റിയുടെ തീരുമാനം അന്തിമവും ചോദ്യം ചെയ്യാൻ പാടില്ലാത്തതുമാണ്. ക്വട്ടേഷൻ സമർപ്പിക്കുന്ന വ്യക്തി അനുബന്ധമായി പരാമർശിക്കുന്ന വിഭവങ്ങളും അവയുടെ വിലയും വ്യക്തമായി രേഖപ്പെടുത്തേണ്ടതും സമ്മത പത്രത്തോടും കൈയ്യൊപ്പോടും കൂടി സമർപ്പിക്കേണ്ടതുമാണ്.

കോൺട്രാക്ട് ഉറപ്പിക്കുന്നതിനും അസ്ഥിരപ്പെടുത്തുന്നതിനുമുള്ള പരമാധികാരം പ്രിൻസിപ്പാളിൽ നിക്ഷിപ്തമായിരിക്കുന്നതാണ്. ക്യാന്റീൻ നടത്തിപ്പ് സംബന്ധിച്ച മറ്റ് വിശദാംശങ്ങളും നിർദ്ദേശങ്ങളും കരാർ ഉറപ്പിച്ച് കിട്ടുന്ന ആളിന് പ്രത്യേകമായി നൽകുന്നതാണ്.

പ്രിൻസിപ്പാൾ

പകർപ്പ്:

1. നോട്ടീസ് ബോർഡ്/ വെബ്സൈറ്റ്, ജി.എം.സി കൊല്ലം.
2. ഓഫീസ് കോപ്പി.

NB: ക്വട്ടേഷൻ നൽകുന്നവർ തങ്ങൾക്ക് ഈ ഫീൽഡിലുള്ള കഴിവും പരിചയവും കാണിക്കുന്ന സാക്ഷ്യപത്രങ്ങൾ ക്വട്ടേഷനോടൊപ്പം ഉൾക്കൊള്ളിക്കാവുന്നതാണ്.

കാരണം കാണിക്കൽ... 

ക്വട്ടേഷൻ നോട്ടീസിന്റെ അനുബന്ധമായി കാന്റീനിൽ അനുവദനീയമായി ലഭ്യമാക്കേണ്ട ഭക്ഷണ സാധനങ്ങളുടെ ഇനം/ മിനിമം അളവ്/വിലവിവര പട്ടിക.

| ക്രമ നം. | ഇനം | മിനിമം അളവ് | വിലനിലവാരം | |
|---|---|---|---|---|
| | | | പൊതുജനം | ജീവനക്കാർ |
| 1. | ചായ ( ഏറ്റവും മികച്ച യിനം തേയിലപ്പൊടികളിൽ ഏതെങ്കിലും ഉപയോഗിച്ച് മിൽമപാലിലോ, ശുദ്ധമായ പശുവിൻ പാലിലോ മാത്രം തയ്യാറാക്കിയത്) | 150 മില്ലി | 10 | 7 |
| 2. | കോഫി ( ഏറ്റവും മികച്ച യിനം കാപ്പിപ്പൊടികളിൽ തയ്യാറാക്കിയത്) | 150 മില്ലി | 12 | 8 |
| 3. | ബ്രൂകോഫി | 150 മില്ലി | 20 | 14 |
| 4. | പാൽ | | 12 | 8 |
| 5. | ദോശ | 50 ഗ്രാം | 8 | 5 |
| 6. | ഇഡലി( സാമ്പാർ /ചമ്മന്തി തുടങ്ങിയവ) ( 1 എണ്ണം) | 60 ഗ്രാം | 8 | 5 |
| 7. | അപ്പം | 60 ഗ്രാം | 8 | 5 |
| 8. | ഇടിയപ്പം | 60 ഗ്രാം | 8 | 5 |
| 9. | മസാലദോശ ( സാമ്പാർ, ചട്നി) | 150 ഗ്രാം | 60 | 40 |
| 10. | നെയ്റോസ്റ്റ് | | 50 | 35 |
| 11. | ചപ്പാത്തി (1 എണ്ണം) | 100 ഗ്രാം | 8 | 5 |
| 12. | പെറോട്ട (1 എണ്ണം) | 100 ഗ്രാം | 10 | 7 |
| 13. | പൂരി സെറ്റ് (1 എണ്ണം) | 60 ഗ്രാം | 50 | 30 |
| 14. | കടലക്കറി | 75 ഗ്രാം | 30 | 20 |
| 15. | മുട്ടക്കറി | 100 ഗ്രാം | 30 | 20 |
| 16. | കിഴങ്ങ്കറി | 150 ഗ്രാം | 30 | 20 |
| 17. | വെജിറ്റബിൾ കറി | 75 ഗ്രാം | 30 | 20 |
| 18. | ബീഫ് കറി (1 പ്ലേറ്റ്) | 150 ഗ്രാം | 80 | 60 |
| 19. | ചിക്കൻ കറി (1 പ്ലേറ്റ്) | 150 ഗ്രാം | 100 | 70 |
| 20. | ഫിഷ്കറി | 150 ഗ്രാം | 40 | 25 |
| 21. | ബീഫ് ഫ്രൈ (1 പ്ലേറ്റ്) | 150 ഗ്രാം | 90 | 65 |
| 22. | ചിക്കൽ ഫ്രൈ (1 പ്ലേറ്റ്) | 150 ഗ്രാം | 120 | 80 |
| 23. | ഫിഷ് ഫ്രൈ | 150 ഗ്രാം | 45 | 30 |
| 24. | ചിക്കൻ ബിരിയാണി | 400 ഗ്രാം | 110 | 80 |
| 25. | ബീഫ് ബിരിയാണി | 400 ഗ്രാം | 100 | 70 |
| 26. | വെജിറ്റബിൾ ബിരിയാണി | 400 ഗ്രാം | 70 | 50 |
| 27. | ചെറുകടികൾ | | 8 | 5 |
| 28. | ഉപ്പുമാവ് (പഴം പ്രത്യേകം) | 200 ഗ്രാം | 30 | 20 |
| 29. | ഊണ് (നല്ലയിനം ചമ്പാവരി/ ചാക്കരി ചോറ്, പരിപ്പ് കറി സാമ്പാർ, പുളിശേരി, മോര്, രസം, അവിയൽ, തോരൻ, കിച്ചടി, അച്ചാർ, പപ്പടം എന്നിവ യോടുകൂടി | | 50 | 30 |
| 30. | കഞ്ഞി | | 20 | 15 |
| 31. | ഫ്രഷ്ജ്യൂസ് (എല്ലാത്തരം) | | 30 | 25 |

Lunettethomas

പ്രിൻസിപ്പാൾ